(സി) 2013-14 സാമ്പത്തിക വർഷം . 18 കോടി രൂപ അനുവദിച്ചുവെങ്കിലും ഒരു സംഖ്യയും ഈ പദ്ധതിക്കായി റിലീസ് ചെയ്തിട്ടില്ല. ഈ സാമ്പത്തിക വർഷം റീ-അപ്രോപ്രിയേഷൻ ചെയ്ത് പദ്ധതിക്കുവേണ്ടി അടിയന്തരമായി 5.75 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനധികൃത കാർഷെഡ് നിർമ്മാണം

106(3390) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ മുട്ടട കേശവദാസപുരം വാർഡിൽ എൽ.എം. എസ്. നഗറിൽ ഹൗസ് നമ്പർ 41 ബി-ൽ താമസിക്കുന്ന ശ്രീ. റോളണ്ട് തോമസ് അദ്ദേഹത്തിന്റെ വീടിന്റെ മുമ്പിൽ ഉറസായ സ്ഥലത്ത് റോഡ് അതിരുവരെ ചേർത്തു ഷീറ്റ് റൂഫോടുകൂടി കാർഷെഡ് നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാര്യം കോർപ്പറേഷന്റെ സെക്രട്ടറിയുടെ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ഹിയറിംഗിന് വിളിച്ച് തെളിവെടുപ്പ് നടത്തി നിജസ്ഥിതി ബോദ്ധ്യപ്പെട്ടിരുന്നോ ;

(സി) ഇക്കാര്യത്തിൽ എന്തു തുടർനടപടി സ്വീകരിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അനധികൃതനിർമ്മാണം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ മുട്ടട കേശവദാസപുരം വാർഡിൽ എൽ.എം.എസ്. നഗറിൽ ഹൗസ് നമ്പർ 41 ബി-ൽ താമസിക്കുന്ന ശ്രീ. റോളണ്ട് തോമസ് നടത്തിയ അനധികൃത നിർമ്മാണത്തിനെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് 406-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി തിരുവനന്തപുരം കോർപ്പറേഷൻ കൺഫർമേഷൻ ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ കോർപ്പറേഷൻ നൽകിയ പ്രസ്തുത ഉത്തരവിനെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബഹു. ട്രിബ്യൂണൽ മുമ്പാകെ ശ്രീ. റോളണ്ട് തോമസ് 957/14 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ഇപ്പോൾ ബഹു. ട്രിബ്യൂണലിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly